## കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – പൊതുസ്ഥലംമാറ്റം 2020 – നഴ്സിംഗ് അദ്ധ്യാപക വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ അദ്ധ്യാപകർക്ക് പൊതു സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| പരാമർശം : | 1. | 25/02/2017 – ലെ സ.ഉ.(പി) നം.3 /2017/ഉഭപവ. |
| | 2. | 11/02/2020 – ലെ Special Cell(GT)/4779/2019/DME നം. വിജ്ഞാപനം. |
| | 3. | 07/07/2020 – ലെ നഴ്സിംഗ് അദ്ധ്യാപക വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ പൊതുസ്ഥലംമാറ്റത്തിന്റെ കരട് പട്ടിക. |
| | 4. | ശ്രീമതി.അസ്മി.എസ്.എസ് 12/08/2020 – ന് സമർപ്പിച്ച അപേക്ഷ. |
| | 5. | ശ്രീമതി.രശ്മി .ഇ.ആർ 12/08/2020 – ന് സമർപ്പിച്ച പരാതി. |
| | 6. | ശ്രീമതി.അനുപമ സുസ്മിത 12/08/2020 – ന് സമർപ്പിച്ചി പരാതി. |
| | 7. | 20/01/2021 – ലെ നഴ്സിംഗ് അദ്ധ്യാപക വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ പൊതുസ്ഥലംമാറ്റത്തിന്റെ അന്തിമ പട്ടിക. |
| | 8. | ഈ കാര്യാലയത്തിൽ നിന്നുള്ള : 20/01/2021- ലെ ഇതേ നം. ഉത്തരവ്. |
| | 9. | ഈ കാര്യാലയത്തിൽ നിന്നുള്ള : 20/01/2021- ലെ ഇതേ നം. കത്ത്. |
| | 10. | 16/02/2021- ലെ സി2/32/21/ആ.കു.വ നം. സർക്കാർ കത്ത്. |

**ഉത്തരവ് നമ്പർ: ജി 1/2079/2020/മെ.വി.വ** **തീയതി:** 22/02/2021

പരാമർശം 2 പ്രകാരം പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ, നഴ്സിംഗ് അദ്ധ്യാപക വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ അദ്ധ്യാപകരുടെ 2020 വർഷത്തെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച കരട് പട്ടിക പ്രസിദ്ധീകരിക്കുകയും നിലവിലെ പൊതു സ്ഥലംമാറ്റ ചട്ടങ്ങൾ പ്രകാരം നിലനിൽക്കുന്ന പരാതികൾ പരിഗണിച്ച് പരാമർശം 7 പ്രകാരം അന്തിമ സ്ഥലം മാറ്റ പട്ടിക പ്രസിദ്ധീകരിച്ചു. ടി പട്ടികയിൽ ക്രമ നം. 9 മുതൽ 12 വരെയുള്ള അദ്ധ്യാപകരുടെ സ്ഥലമാറ്റം സർക്കാരിൽ നിന്നുള്ള തുടർ നിർദ്ദേശത്തിന് വിധേയമായിട്ടായിരിക്കും എന്ന് പരാമർശിച്ചിരുന്നു.

അന്തിമ പട്ടികയിലെ ക്രമ നം. 9 മുതൽ 12 വരെയുള്ള അദ്ധ്യാപകരുടെ സ്ഥലമാറ്റം നല്ലാവുന്നതാണെന്ന് പരാമർശം 10 പ്രകാരം സർക്കാർ നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, നഴ്സിംഗ് അദ്ധ്യാപക വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ അന്തിമ പട്ടികയിലെ ക്രമ നം. 9 മുതൽ 12 വരെയുള്ള അദ്ധ്യാപകർക്ക് ചുവടെ പട്ടികയിൽ ചേർക്കും പ്രകാരം സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര് | നിലവിൽ ജോലി നോക്കുന്ന സർക്കാർ നഴ്സിംഗ് കോളേജ് | സ്ഥലം മാറ്റി നിയമിച്ച സർക്കാർ നഴ്സിംഗ് കോളേജ് | അഭിപ്രായം |
|---|---|---|---|---|
| 9. | ശ്രീമതി.രശ്മി.ഇ.ആർ | ആലപ്പുഴ | തിരുവനന്തപുരം | പരാമർശം (1) സ: ഉ: ലെ വ്യവസ്ഥ 10 ൽ (iii) പ്രകാരം. |
| 10. | ശ്രീമതി.അസ്മി.എസ്.എസ് | തിരുവനന്തപുരം | ആലപ്പുഴ | 11-06-2014 മുതൽ തുടർച്ചയായി തിരു: നഴ്: കോളേജിൽ ജോലിനോക്കുന്നു. |

| | | | | |
|---|---|---|---|---|
| 11. | ശ്രീമതി.അനുപമ സുസ്മിത | ആലപ്പുഴ | തിരുവനന്തപുരം | പരാമർശം (1) സ: ഉ: ലെ വ്യവസ്ഥ 11 ൽ അനുബന്ധം (2) (അന്ധരായ ഉദ്യോഗസ്ഥർ) പ്രകാരം. ടി സംരക്ഷണം പരമാവധി 5 വർഷമായി നിജപ്പെടുത്തിയിരിക്കുന്നു. |
| 12. | ശ്രീമതി.ചിത്രലേഖ.എൽ | തിരുവനന്തപുരം | ആലപ്പുഴ | 11-06-2014 മുതൽ തുടർച്ചയായി തിരു: നഴ്: കോളേജിൽ ജോലിനോക്കുന്നു. |

അതാത് സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽമാർ ഈ ഉത്തരവ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട അദ്ധ്യാപകരെ സമയബന്ധിതമായി അറിയിക്കേണ്ടതും, ടി ജീവനക്കാരുടെ വിടുതൽ / ജോലിയിൽ പ്രവേശിപ്പിക്കൽ ഉത്തരവുകൾ സമയബന്ധിതമായി പുറപ്പെടുവിക്കേണ്ടതുമാണ് ആയത് ഈ കാര്യാലയത്തിൽ കൃത്യമായി അറിയിക്കേണ്ടതാണ്.

Signature valid

DR REMLA BEEVI A
DIRECTOR

Digitally signed by DR REMLA BEEVI A
Date: 2021.02.22 17:23:47 IST
Reason: Approved

| | | |
|---|---|---|
| സ്വീകർത്താവ്: | 1. | ബന്ധപ്പെട്ട നഴ്സിംഗ് അധ്യാപകർക്ക് (അതാത് പ്രിൻസിപ്പൽ മുഖേന) |
| | 2. | പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/ ആലപ്പുഴ. |
| പകർപ്പ്: | 1. | അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം. |
| | 2. | വെബ് സൈറ്റ്/ നോട്ടീസ് ബോർഡ്. |
| | 3. | ഫയൽ / കരുതൽ ഫയൽ / റിക്കോർഡ്സ്. |